**KERALA MEDICAL SERVICES CORPORATION LTD**
*(A Government Of Kerala Undertaking)*
Thycaud.P.O., Thiruvananthapuram-14.
Tele Fax No. 0471-2945647
0471-2945646, 0471-2945600
E-mail id : civil.kmscl@kerala.gov.in
CIN : U24233KL2007SGC021616
GSTIN: 32AADCK4029M1ZK

KMSCL
in service to public health

150
ഹൃദയാഘാതം ... ആഘോഷിക്കുന്നു

**No: KMSCL/PROJECTS/1116/2016** — **Dated: 31.10.2025**
projects Division — www.kmscl.kerala.gov.in

Draft #18 of File KMSCL/PROJECTS/1116/2016 Approved by General Manager on 31-Oct-2025 05:02 PM - Page 1

## Notice Inviting Quotation (N.I.Q)
**(Quotation No: QUOT-RE/70/2025)**

കോട്ടയം ജില്ലയിലെ വൈക്കം താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചിരുന്ന കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീഫാബ് നിർമ്മിതിയിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി കെട്ടിടം ആശുപത്രി വികസനത്തിന്റെ ഭാഗമായി പൊളിച്ചു മാറ്റണമെന്ന് ടി ആശുപത്രി സൂപ്രണ്ട് അറിയിച്ചിട്ടുള്ളതാണ്.ആകയാൽ പ്രസ്തുത ഫാർമസി കെട്ടിടം ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾക്ക് വിധേയമായി പൊളിച്ചു മാറ്റുന്നതിന് താല്പര്യമുള്ളവരിൽ നിന്നും മുദ്ര വെച്ച പുനഃക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

<u>നടപടിക്രമം</u>

**1)**പ്രസ്തുത സ്ഥലത്ത് നിന്നും കെട്ടിടം സമയ പൂർണ്ണമായും സമയബന്ധിതമായി പൊളിച്ചു മാറ്റേണ്ടതാണ്.

**2)**പൊളിച്ചു മാറ്റുന്ന സാമഗ്രികളുടെ വിലനിരക്കുകൾ ഇതോടൊപ്പം അനുബന്ധം-1 ൽ ചേർത്തിരിക്കുന്ന ബിഡ് ഫോമിൽ പൂരിപ്പിച്ച് ബിഡറുടെ തിരിച്ചറിയൽ രേഖ,ക്വട്ടേഷൻ നോട്ടീസ്,എന്നിവയോടൊപ്പം മാനേജിംഗ് ഡയറക്ടർ,കെ.എം.എസ്.സി.എൽ,തൈക്കാട് പി.ഓ,തിരുവനന്തപുരം-14 എന്ന വിലാസത്തിൽ മുദ്ര വെച്ച കവറിൽ സമയ പരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

**3)**KMSCL ന്റെ തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസിൽ വെച്ച് നിർദിഷ്ട ദിവസത്തിലും സമയത്തും മുദ്ര വെച്ച കവറിലുള്ള പൂരിപ്പിച്ച ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും.

**4)**മേൽ തീയതി എന്തെങ്കിലും വിധത്തിൽ അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയം ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും

ക്വട്ടേഷനുകൾ ഏറ്റെടുക്കുന്നത് ഏറ്റവും കൂടുതൽ തുക സമർപ്പിക്കുന്ന ആളായിരിക്കും.

**5)**പ്രസ്തുത പൊളിച്ചുമാറ്റൽ പ്രവൃത്തികളെല്ലാം തന്നെ ഏറ്റെടുക്കുന്ന കരാറുകാരൻ സ്വന്തം ചെലവിൽ പൊളിച്ചുമാറ്റേണ്ടതും സൈറ്റിൽ നിന്നും നിശ്ചിത സമയപരിധിക്കുള്ളിൽ മാറ്റിത്തരേണ്ടതുമാണ്.

**6)**പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായതിനാൽ, ക്വട്ടേഷനുകൾ ഉറപ്പിച്ച് പൊളിച്ചു മാറ്റാനുള്ള മാനേജിങ് ഡയറക്ടറുടെ അനുമതി ഉത്തരവ് കൈപ്പറ്റി 5 ദിവസത്തിനുള്ളിൽ പ്രസ്തുത സ്ഥലത്ത് നിന്നും കെട്ടിടം പൂർണ്ണമായും പൊളിച്ചു മാറ്റി നൽകേണ്ടതാണ്.ഏറ്റെടുക്കുന്ന കരാറുകാരൻ ടിയാന്റെ സ്വന്തം ചെലവിൽ പ്രീഫാബ് കെട്ടിടം പൊളിച്ചു മാറ്റി അനുബന്ധത്തിൽ ചേർത്തിട്ടുള്ള സാമഗ്രികളുടെ കൃത്യമായ തൂക്കം KMSCL ലെ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ബോധ്യപ്പെടുത്തേണ്ടതാണ്.ആയത് പ്രകാരം മുഴുവൻ തുകയും അന്നേ ദിവസം തന്നെ KMSCL,മാനേജിംഗ് ഡയറക്ടറുടെ വിലാസത്തിൽ ഒടുക്കേണ്ടതാണ്.

**7)**യാതൊരു കാരണവും കൂടാതെ ക്വട്ടേഷൻ നടപടികൾ നിർത്തി വെയ്ക്കുന്നതിനും,മാറ്റി വെയ്ക്കുന്നതിനും മാനേജിംഗ് ഡയറക്ടർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

- പ്രീഫാബ് കെട്ടിടം പൊളിച്ചു മാറ്റുന്നതിനുള്ള സമയ പരിധി:5 ദിവസം.
- ക്വട്ടേഷൻ ഫോറം ലഭ്യത :KMSCL വെബ് സൈറ്റ് മുഖേന: 1/11/25 മുതൽ 5/11/25 3.00 pm വരെ,വെബ് സൈറ്റ് വിലാസം:www.kmscl.kerala.gov.in.
- ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും: 5/11/25 3.00 pm വരെ
- ക്വട്ടേഷൻ സമർപ്പിക്കേണ്ട സ്ഥലം:കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ ഹെഡ് ഓഫീസ്,തിരുവനന്തപുരം.
- ക്വട്ടേഷൻ തുറക്കൽ:5/11/25 3.30 pm

ഫോൺ:KMSCL ഹെഡ് ഓഫീസ്:0471 2945600,2945646
KCP വൈക്കം-0482-9298800
വെയർ ഹൗസ് ,കോട്ടയം :0481 2562401

Yours faithfully

KERALA MEDICAL SERVICES CORPORATION LIMITED THIRUVANANTHAPURAM

**Dr Arun P V**
General Manager

Draft #18 of File KMSCL/PROJECTS/1116/2016 Approved by General Manager on 31-Oct-2025 05:02 PM - Page 2

Draft #18 of File KMSCL/PROJECTS/1116/2016 Approved by General Manager on 31-Oct-2025 05:02 PM - Page 3

## അനുബന്ധം-1

| ക്രമ നമ്പർ | കെട്ടിട വിവരം | യൂണിറ്റ് | ഒരു കിലോഗ്രാമിൻെറ വില | GST ഉൾപ്പടെയുള്ള തുക ഒരു കിലോഗ്രാമിന് |
|---|---|---|---|---|
| 1 | ചുവരിന്ഉപയോഗിച്ചിരുന്ന പ്രീഫാബ് ഷീറ്റ് | Kg | | |
| 2 | മേൽക്കൂര ഷീറ്റ് | Kg | | |
| 3 | GI പൈപ്പ്/truss വർക്ക് ന് ഉപയോഗിച്ച section/ iron grill | Kg | | |
| 4 | അലൂമിനിയം ചാനൽ/ സാമഗ്രികൾ | Kg | | |
| 5 | പൊളിച്ചു മാറ്റുന്ന മറ്റ് വിവിധ സാമഗ്രികൾ: ജനാലകളുടെ ഗ്ലാസ്, ഫാൾസ് സീലിംഗ്, ഇഷ്ടിക etc.. | LS | | |

മേല്പറഞ്ഞ നിബന്ധനകൾക്ക് അനുസൃതമായി ഫോറം പൂരിപ്പിക്കേണ്ടതും ക്വട്ടേഷൻ ഫോമിൻെറ എല്ലാ പേജുകളിലും ബിഡ്ഡർ ഒപ്പിടേണ്ടതുമാണ്.

ബിഡറുടെ ഒപ്പ്

(പേര്,മേൽവിലാസം,ഫോൺ നമ്പർ ഉൾപ്പടെ)

സ്ഥലം:
തീയതി: